Movie Review - Movie Panel

By: Aarjith Pradeep

Film: Goynar Bhaksho
Language : Bengali
Director : Aparna Sen

ഒരേസമയം കലാമൂല്യവും ജനപ്രീതിയും ഉറപ്പു പറയാവുന്നവയാണ് അപർണ സെന്നിന്റെ സിനിമകളിലേറെയും. ആദ്യകാഴ്ചയിൽ രസകരമായി കണ്ടു പോകാൻ കഴിയുന്ന ഈ സിനിമയ്ക്കുള്ളിൽ ഒളിപ്പിച്ചിരിക്കുന്ന ആശയങ്ങൾ പതിയെപ്പതിയെ നമ്മുടെ മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്നവയാണ്.

ഇന്ത്യ പാകിസ്ഥാൻ വിഭജനം കാലത്ത് കൃഷിയിടങ്ങൾ എല്ലാം പാകിസ്ഥാനിൽ(കിഴക്കൻ പാകിസ്ഥാൻ ഇപ്പോൾ ബംഗ്ളാദേശ്) ആയി പോയ ഒരു ജന്മി കുടുംബത്തിലേക്ക് ഇളയ മകന്റെ ഭാര്യയായി സാമാന്യം ദരിദ്രമായ ഒരു ചുറ്റുപാടിൽ നിന്നുള്ള സോമലത എത്തുന്നതോടെയാണ് കഥയാരംഭിക്കുന്നത്. പഴയകാലത്തെ പ്രതാപം മാത്രം പറയാനുണ്ടായിരുന്ന ആ വലിയ കുടുംബത്തിലെ കാരണവ സ്ഥാനം പന്ത്രണ്ടാം വയസ്സിൽ വിധവയായ രാഷ്മോണി എന്ന കിളവിയുടെ കയ്യിലായിരുന്നു. മുൻകോപിയായ, രാഷ്മോണിയെ ആ വീട്ടിലെ പുരുഷ കേസരികൾ പോലും ഭയത്തോടെയും ബഹുമാനത്തോടെയുമാണ് കണ്ടിരുന്നത്. അവരെല്ലാം അവരെ പേടിക്കുന്നതിനും അനുസരിക്കുന്നതിനും പ്രധാന കാരണം അവരുടെ കൈവശമുള്ള ഭാരമേറിയ ആഭരണ പെട്ടിയായിരുന്നു. ഒരു നിധി കാക്കുന്ന ഭൂതത്തെ അവർ ആ പെട്ടി സൂക്ഷിച്ചു.

അങ്ങനെയിരിക്കെ ഒരു ദിവസം റാഷ്മോണി പെട്ടെന്നു മരണപ്പെടുന്നു, ഇത് ആദ്യമായി കണ്ട സോമലത ഭയപ്പെട്ട് മറ്റുള്ളവരോട് പറയാനായി പോകുമ്പോൾ റാഷമോണിയുടെ പ്രേതം പ്രത്യക്ഷപ്പെട്ട് അവളെ തടയുന്നു. ആ ആഭരണ പെട്ടി അവളോട് ഒളിച്ചു വെക്കാനും അതിലെ സ്വർണത്തിൽ തൊട്ടാൽ നിന്നെയും വിധവയാക്കും എന്ന് ഭീഷണപ്പെടുത്താനും അവർ മടിക്കുന്നില്ല.

പിന്നീടങ്ങോട്ട് സോമലതയുടെയും റാഷമോണിയുടേയും രസകരമായ ബന്ധത്തിലൂടെ പല കഥകളുടെയും ആമാടപെട്ടി തുറക്കപ്പെടുകയാണ്. ഇന്ത്യ പാക്കിസ്ഥാൻ വിഭജനം, ജന്മിത്വം, പ്രണയം, കാമം, മോഹഭംഗം, പുനജന്മം,വിപ്ലവം, ദേശസ്നേഹം തുടങ്ങി ഒരുപാട് വിഷയങ്ങളിലൂടെ പോകുന്ന കഥ പത്തൊൻപതാം നൂറ്റാണ്ടിൽ തുടങ്ങി ഇരുപതാം നൂറ്റാണ്ടിൽ അവസാനിക്കുന്നു...

മനോഹരമായ സംവിധാനവും അതിനോടൊപ്പം നിൽക്കുന്ന കലാസംവിധാനവും ഛായാഗ്രഹണവും പല കാലഘട്ടങ്ങളെ അതിന്റെ പൂർണതയിൽ നമ്മുടെ മുന്നിലെത്തിക്കുന്നു. Moushumi Chatterji റാഷ്മോണിയായും കൊങ്കണ സെൻ സോമലതയായും മികവുറ്റ കഥാപാത്രങ്ങളായി മാറി.

Online ലഭ്യമായ ഈ സിനിമയുടെ മലയാളം subtitle ഉപയോഗിച്ച് കാണുകയാണെകിൽ പല രംഗങ്ങളും അതിന്റെ പരിപൂർണതയിൽ തന്നെ ആസ്വദിക്കാൻ കഴിയുന്നതാണ്.